QUOTES OF DAYS
FEB 16


നേടുന്നത് നിലനിർത്താൻ കഴിയാത്തവന് നൽകി ഒന്നും നഷ്ടപ്പെടുത്താൻ ദൈവം വിഡ്ഢിയല്ല.
ജിം എലിയറ്റ്




ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
16 FEBRUARY 2024 | VOL 03 | ISSUE 046 | 745


# ക്രിസ്ത്യൻ സ്കൂളുകളിൽ പൂജ നടത്തണമെന്ന് ഹൈന്ദവ സംഘടനകൾ

അഗർത്തല: ത്രിപുരയിലെ ക്രിസ്ത്യൻ മിഷനറി സ്കൂളിൽ പൂജ നടത്തണമെന്ന ആവശ്യവുമായി തീവ്രഹിന്ദുത്വ സംഘടനകൾ. ഇവരിൽ നിന്ന് സംരക്ഷണം ആവശ്യപ്പെട്ട് ജില്ലാ മജിസ്ട്രേറ്റിന് പ്രിൻസിപ്പൽ സിസ്റ്റർ ടെസി ജോസഫ് പരാതി നൽകി. നിയമവിരുദ്ധമായ പ്രവൃത്തി തടയണമെന്നും ഇന്ത്യൻ ഭരണഘടന പ്രകാരം സ്ഥാപനത്തെയും അതിന്റെ സ്വത്തും അതിന്റെ അവകാശവും സംരക്ഷിക്കാൻ നടപടിയെടുക്കണമെന്നും ടെസി അപേക്ഷയിൽ അഭ്യർത്ഥിച്ചു.

ഉദയ്പൂരിനടുത്തുള്ള ധ്വജനഗറിലെ ഡോൺ ബോസ്കോ സ്കൂളിൽ ഈ ആവശ്യവുമായി തീവ്രഹിന്ദുത്വ സംഘടനകളായ ഹിന്ദു ജാഗരൺ മഞ്ചിന്റെയും സനാതനി ധർമ്മത്തിന്റെയും ആളുകൾ നിരവധി തവണ എത്തി ഭീഷണിമുഴക്കിയതായി പ്രിൻസിപ്പൽ മാധ്യമങ്ങളോട് പറഞ്ഞു.

'1999 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിന് ഭരണഘടനയുടെ 29, 30 വകുപ്പുകൾ പ്രകാരം ഉറപ്പുനൽകുന്ന അവകാശങ്ങളുണ്ട്. ഞങ്ങളുടെ സ്കൂൾ ന്യൂനപക്ഷ സ്ഥാപനമാണെങ്കിലും എല്ലാ മതങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. അവരെ മികച്ച മനുഷ്യരും നല്ല പൗരൻമാരും ആക്കുന്നതിൽ ഞങ്ങൾ ഊന്നൽ നൽകുന്നു,' മജിസ്ട്രേറ്റിന് നൽകിയ സംരക്ഷണത്തിനായുള്ള പരാതിയിൽ പ്രിൻസിപ്പൽ സിസ്റ്റർ ടെസി ജോസഫ് ചൂണ്ടിക്കാട്ടി.

'ഇന്ത്യൻ ഭരണഘടന ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്ക് അവർക്ക് ഇഷ്ടമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും ഭരിക്കാനുമുള്ള അവകാശം നൽകിയിട്ടുള്ളതാണ്. അതിനാൽ സ്കൂൾ പരിസരത്ത് പൂജ അനുവദിക്കാനാവില്ല. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന അവകാശത്തിനപ്പുറം പ്രവർത്തിക്കാൻ നിർബന്ധിക്കാനാവില്ല. പൂജയോടും ഏതെങ്കിലും മതത്തിന്റെ മറ്റ് മതപരമായ ആചാരങ്ങളോടും ഞങ്ങൾക്ക് ബഹുമാനമുണ്ട്. എന്നാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 30 അനുസരിച്ച് ഞങ്ങളുടെ മതപരമായ അവകാശവും ഞങ്ങളുടെ സ്ഥാപനം പ്രവർത്തിപ്പിക്കാനുള്ള അവകാശവും ഞങ്ങളിൽ നിക്ഷിപ്തമാണ്. ഇവയെല്ലാം ഒരോ തവണയും തീവ്രഹിന്ദുത്വ സംഘടനാ നേതാക്കളോട് പറയുന്നുണ്ടെങ്കിലും അവർ ചെവിക്കൊണ്ടില്ല.' പ്രിൻസിപ്പൽ പരാതിയിൽ പറഞ്ഞു. സ്കൂൾ പരിസരത്ത് പൂജ നടത്താൻ അനുവദിച്ചില്ലെങ്കിൽ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്നും നാട്ടുകാരെ വിളിച്ചുകൂട്ടി സ്വാമിയെയും



കൊണ്ട് കാമ്പസിലേക്ക് വന്ന് പൂജ നടത്തുമെന്ന് ഭീഷണിപ്പെടുകയും ചെയ്താണ് സംഘം മടങ്ങിയത്.' പരാതിയിൽ ചൂണ്ടിക്കാട്ടി.

ജില്ലാ മജിസ്ട്രേറ്റിൽ നിന്ന് പ്രതികരണം ലഭിച്ചില്ലെങ്കിലും എന്താണ് സംഭവിച്ചതെന്ന് പരിശോധിച്ച ശേഷം ഉചിതമായ നടപടികൾ സ്വീകരിക്കുമെന്ന് പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞതായി പ്രിൻസിപ്പൽ സൂചിപ്പിച്ചു. സമാനമായ ഭീഷണികൾ അസമിലെ മൂന്ന് സ്കൂളും നേരിടുന്നുണ്ട്. രണ്ടു സംസ്ഥാനത്തും ഭരണം നടത്തുന്നത് ബിജെപി സർക്കാരാണ്. തങ്ങളുടെ സ്ഥാപനങ്ങളിൽ ഒരു പൂജയും നടത്താൻ തങ്ങൾ അനുവദിക്കുന്നില്ലയെന്ന് നോർത്ത് ഈസ്റ്റ് റീജിയന്റെ എപ്പിസ്കോപ്പൽ കോൺഫറൻസ് പ്രസിഡണ്ട് കൂടിയായ ഗുവാഹത്തി ആർച്ചുബിഷപ്പ് ജോൺ മൂലച്ചിറ സംഭവങ്ങളെക്കുറിച്ച് മാധ്യമങ്ങളോട് പ്രതികരിച്ചുകൊണ്ട് പറഞ്ഞു.

'അവർക്ക് വേണമെങ്കിൽ ഈ കോംപ്ലക്സിനുള്ളിൽ സാംസ്കാരിക പരിപാടികൾ നടത്താം. എന്നാൽ മതപരമായ പ്രവർത്തനങ്ങൾ നടത്തരുത്. ക്രിസ്തീയ മതപരമായ പരിപാടികളൊന്നും തന്നെ ഇവിടെ സ്കൂൾ സമയങ്ങളിൽ നടക്കുന്നില്ല. ' അദ്ദേഹം കൂട്ടിച്ചേർത്തു.

ശേഷം 4-ാം പേജിൽ

**CARTOON:**

"Fasting" doesn't mean eating fast food !



16 FEBRUARY 2024
VOL 03 | ISSUE 046 | 745

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

എഡിറ്റോറിയൽ



പാസ്റ്റർ സണ്ണി പി. സാമുവേൽ

# ദൂരാസമഭൂമിയിലെ പ്രതിഷ്ഠയും തീച്ചൂളയും

612 ബി.സി.,യിൽ ബാബേൽ രാജാവായിരുന്ന നെബോപൊലാസർ അശൂർ സാമ്രാജ്യത്തിന്റെ വിഗ്രഹതലസ്ഥാനമായിരുന്ന അശൂർപട്ടണവും; 610 ബി.സി.,യിൽ ഭരണതലസ്ഥാനമായിരുന്ന നീനെവേയും പിടിച്ചടക്കി ബാബേൽ സാമ്രാജ്യത്തിനു അടിസ്ഥാനമിട്ടു. 605 ബി.സി.,യിൽ മിസ്രയീമിനെയും ഫറവോ നെഖോയെയും തോല്പിച്ച കർക്കെമിശ് യുദ്ധത്തിലൂടെ നെബൂഖദ്നേസെർ അന്നത്തെ ലോകചക്രവർത്തിയായി. നെബൂഖദ്നേസെർ കല്ദായൻ ആയിരുന്നു. കല്ദായരും നെബോപൊലാസറും നെബൂഖദ്നേസെറും മെസോപൊട്ടോമ്യയിൽ അന്നു നിലനിന്നിരുന്ന മർദൂക് മതാനുസാരികൾ ആയിരുന്നു. മന്ത്രവാദവും, മഷിനോട്ടവും, ആഭിചാരവും, ഗൂഢഭാഷാ ലിഖിത താന്ത്രികവിദ്യയും, അതിനെ അഴിക്കുന്ന വിദ്യയും ഒക്കെ ഈ മതത്തിന്റെയും കല്ദായരുടെയും പ്രത്യേകത ആയിരുന്നു. അവരുടെ ദേവസങ്കല്പത്തിലെ പ്രധാന ദേവൻ ബേൽ ആയിരുന്നു. ആ ദേവന്റെ വിഗ്രഹം ആയിരിക്കാം നെബൂഖദ്നേസർ ദൂരസമഭൂമിയിൽ പ്രതിഷ്ഠിക്കുവാൻ ഒരുങ്ങിയതു എന്നു ന്യായമായി ഊഹിക്കാം (ദാനീ: 4:8). അശൂറിനെ തോല്പിക്കാൻ തന്നെ സഹായിച്ചതു ബേൽ ആണെന്നു നെബോപൊലാസർ വിളംബരം ചെയ്തിരുന്നു. അതിന്റെയൊക്കെ നന്ദിസൂചകം ആയിരുന്നിരിക്കാം ദൂരാസമഭൂമിയിലെ ബിംബപ്രതിഷ്ഠ.

ഈ പ്രതിഷ്ഠാകർമ്മത്തിന്റെ മുഖ്യകാർമികനു പിതൃസ്ഥാനീയനും ഭരണാധികാരിയായ രാജാവു തന്നെയായിരുന്നുവെന്നതു ചടങ്ങിന്റെ രാജകീയത വർദ്ധിപ്പിച്ചു. പ്രസ്തുത വിഗ്രഹം ദേശീയതയുടെ പ്രതിബിംബം ആയി മാറി. അതിനെ നമസ്കരിക്കാതെയിരിക്കുന്നതു (ചിലപ്പോൾ അതിനെതിരെ സംസാരിക്കുന്നതു അഥവാ പ്രകീർത്തിക്കാതിരിക്കുന്നതു പോലും) ശിക്ഷാർഹം ആയിരുന്നു. അതു രാജ്യദ്രോഹക്കുറ്റം ആയിരുന്നതിനാലാണല്ലോ ദൂരാസമഭൂമിയിൽ തന്നെ തീച്ചൂളയും തയ്യാറാക്കിയത്. അതിനെ സാധാരണയിൽ കവിഞ്ഞു ഏഴിരട്ടി പ്രഹരശേഷിയുള്ളതാക്കി. ബേൽ ഇടിമിന്നലിന്റെ (Thunderstorm) ദേവനാണു എന്നായിരുന്നു സങ്കല്പം. അതിനാൽ ആയിരിക്കാം ശിക്ഷ അഗ്നിപ്രവേശം/ അഗ്നിപരീക്ഷ ആക്കിയത്.

എന്നാൽ രാജശാസനത്തെ അംഗീകരിക്കാതെഅനുസരിക്കാതെ; അടിമകളായി വന്ന മൂന്നു ബാലന്മാർ നിവരെ നിന്നു. ലോകം മുഴുവനും അന്നു അവിടെ കൂടി വന്നിരുന്ന സകല വിശിഷ്ടവ്യക്തികൾ ഉൾപ്പെടെ (Dignitaries) കുമ്പിട്ടു വീണു കിടക്കുമ്പോൾ അവർ നിവരെ നില്കന്നതു ഞാൻ ഭാവനയിൽ കാണാറുണ്ട്. എന്തൊരു ധൈര്യം. അവരുടെ ആ നില്പു അവരെ വേഗത്തിൽ കണ്ടുപിടിക്കുവാനും ശിക്ഷിക്കുവാനും സഹായിച്ചു. അവർ കെട്ടപ്പെട്ടവരായി തീച്ചൂളയിലേക്കു നിപതിച്ചു. എന്നാൽ തീച്ചൂളയിൽ ഒരു അത്ഭുതം നടന്നു. നാലുപേർ കെട്ടഴിഞ്ഞവരായി തീച്ചൂളയിൽ നടക്കുന്നു. നാലാമത്തവന്റെ രൂപം ഒരു ദൈവപുത്രനോടു ഒത്തിരിക്കുന്നു. തീച്ചൂളയിൽ ഇടപ്പെട്ടവർക്കു ഒരു കേട്ടവും തട്ടിയിട്ടില്ല. അതുകണ്ടു നെബൂഖദ്നേസെർ പരിഭ്രമിച്ചു. ഒപ്പം അവിടെയുണ്ടായിരുന്നവരും. അവിടെ എന്താണു സംഭവിച്ചത്? ഒന്നാമതായി തീയുടെ ബലം അവരുടെമേൽ ഏശിയില്ല. അതു തീച്ചൂളക്കു ശക്തി ഇല്ലാഞ്ഞല്ല. അതു, എടുത്തുകൊണ്ടു പോയവരെ ദഹിപ്പിച്ചു കളഞ്ഞ തീയായിരുന്നു. പക്ഷേ നാലാമത്തവന്റെ മഹത്വം മൂവരെയും, അവരുടെ വസ്ത്ര

ശേഷം 4-ാം പേജിൽ

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:



### ക്രൊയേഷ്യ

| | | |
|---|---|---|
| തലസ്ഥാനം | : | സാഗ്രെബ് |
| ഭാഷ | : | ക്രൊയേഷ്യൻ |
| ജനസംഖ്യ | : | 3,994,903 |
| പ്രസിഡണ്ട് | : | സോറൻ മിലനോവിച്ച് |
| മതം | : | ക്രിസ്ത്യൻ |

ബോസ്നിയക്കാരും സെർബികളും ക്രൊയേഷ്യക്കാളും തമ്മിലുള്ള കലഹങ്ങൾക്ക് നൂറ്റാണ്ടുകൾ പഴക്കമുണ്ട്. ഇവർക്കിടയിൽ അനുരഞ്ജനം ഉണ്ടാകാനായി പ്രാർത്ഥിക്കുക.

ക്രൊയേഷ്യക്കാർ ക്രിസ്തുവിൽ പൂർണ്ണമായി സമർപ്പിക്കാനായി പ്രാർത്ഥിക്കുക. വലിയ ആത്മീയ ഉണർവ് ഇവർക്ക് ഇടയിൽ ആരംഭിക്കട്ടെ.

ക്രോസ്ഡിനോമിനേഷൻ സഭകളുടെ ഐക്യത്തിനായി പ്രാർത്ഥിക്കുക. രാജ്യത്തെ മറ്റുള്ളവരും സുവിശേഷം കേൾക്കട്ടെ

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

**ഫെബ്രുവരി 16**

യോവേ 3: 16 യഹോവ സീയോനിൽനിന്നു ഗർജ്ജിക്കുകയും, യെരൂശലേമിൽ നിന്നു തന്റെ നാദം കേൾപ്പിക്കുകയും ചെയ്യും; ആകാശവും ഭൂമിയും കുലുങ്ങിപ്പോകും; എന്നാൽ യഹോവ തന്റെ ജനത്തിന് ശരണവും യിസ്രായേൽ മക്കൾക്ക് മറവിടവും ആയിരിക്കും.

# ഇലക്ടറൽ ബോണ്ട് ഭരണഘടനാ വിരുദ്ധം; റദ്ദാക്കി സുപ്രീംകോടതി




ന്യൂഡൽഹി: ഇലക്ടറൽ ബോണ്ട് റദ്ദാക്കി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ച്. ഇലക്ടറൽ ബോണ്ട് പൗരന്റെ വിവരാവകാശത്തെ ലംഘിക്കുന്നുവെന്നും കമ്പനി നിയമത്തിൽ ഭേദഗതി വരുത്തിയത് ഭരണഘടന വിരുദ്ധമാണെന്നും ചൂണ്ടിക്കാട്ടിയാണ് നടപടി. പാർട്ടികൾക്ക് ലഭിക്കുന്ന സംഭാവനയെക്കുറിച്ച് അറിയാൻ വോട്ടർമാർക്കും പാർട്ടിയിലെ അംഗങ്ങൾക്കും അവകാശമുണ്ട്. കള്ളപ്പണം ഒഴിവാ ക്കാനുള്ള ഏകമാർഗമല്ല ഇലക്ടറൽ ബോണ്ടെന്നും സുപ്രീംകോടതി വ്യക്തമാക്കി. കള്ളപ്പണം തടയാനെന്ന പേരിൽ വിവരങ്ങൾ രഹസ്യമാക്കി വയ്ക്കാനാകില്ല. അത് ഭരണഘടനാ ലംഘനമാണ്. സംഭാവന നൽകുന്നവർക്ക് പാർട്ടിയിൽ കൂടുതൽ സ്വാധീനം ലഭിക്കും. ഇലക്ടറൽ ബോണ്ട് വിവരാവകാശ നിയമം ലംഘിക്കുന്നു വെന്നും സുപ്രീംകോടതി ചൂണ്ടിക്കാട്ടി.

# ഐപിസി നിലമ്പൂർ സൗത്ത് സെന്റർ കൺവൻഷനും ഗ്രാജുവേഷനും

പാലുണ്ട : ഇന്ത്യ പെന്തക്കോസ്തു ദൈവസഭ നിലമ്പൂർ സൗത്ത് സെന്റർ കൺവൻഷൻ ഫെബ്രുവരി 21, 22, 23, 24, 25. (ബുധൻ വ്യാഴം വെള്ളി ശനി ഞായർ) ദിവസങ്ങളിൽ പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളജ് ഗ്രൗണ്ടിൽ വച്ച് നടക്കുന്നു. പ്രസ്തുത കൺവൻഷൻ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജോൺ ജോർജ് ഔപചാരികമായി ഉദ്ഘാടനം ചെയ്യും. പാസ്റ്റർ അനീഷ് കാവാലം പാസ്റ്റർ അനീഷ് തോമസ് പാസ്റ്റർ തോമസ് ഫിലിപ്പ് ഡോക്ടർ സാബു കെ ഉമ്മൻ സിസ്റ്റർ സ്റ്റാർലാ ലൂക്ക് എന്നിവർ ശുശ്രൂഷിക്കുന്നു. പൊതുയോഗങ്ങൾ എല്ലാ ദിവസവും വൈകുന്നേരം 5:30 മുതൽ 8:30 വരെ. 22 വ്യാഴം രാവിലെ 10 മണി മുതൽ ഒരു മണി വരെ ശുശ്രൂഷക സമ്മേളനവും 23 വെള്ളി രാവിലെ 10 മുതൽ ഒരുമണിവരെ ഉപവാസ പ്രാർത്ഥനയും സോദരി സമാജ വാർഷിക സമ്മേളനവും 24 ശനിയാഴ്ച 10 മണി മുതൽ ഒരു മണി വരെ ഗ്രാജുവേഷനും ഉച്ചകഴിഞ്ഞ് രണ്ടു മണി മുതൽ നാലു മണി വരെ സൺഡേസ്കൂൾ & പി വൈ പി എ വാർഷിക സമ്മേളനവും നടക്കുന്നതാണ്. 25 ഞായറാഴ്ച 8 30 മുതൽ തിരുവത്താഴ ശുശ്രൂഷയോടും സംയുക്ത ആരാധനയോടും കൂടെ പര്യവസാനിക്കുന്നതാണ്.

# ഹൂസ്റ്റണിൽ പെന്തെക്കോസ്തു ഫെലോഷിപ്പിന്റെ വാർഷീക കൺവൻഷൻ

ഹൂസ്റ്റൺ: ഹൂസ്റ്റൺ പെന്തെക്കോസ്തു ഫെലോഷിപ്പിന്റെ വാർഷീക കൺവൻഷനും പൊതുയോഗങ്ങളും ഹൂസ്റ്റൺ ഐ.പി.സി. ഹെബ്രോൻ ചർച്ചിൽ ഫെബ്രു. 23, 24, 25 ദിവസങ്ങളിൽ നടക്കും. ഓറൽ റോബർട്ട് യൂണിവേഴ്സിറ്റിയുടെ മുൻ ഡീനും സാഹിത്യകാരനുമായ ഡോ. തോമസൺ കെ മാത്യുവാണ് മുഖ്യപ്രഭാഷകൻ.യുവജന മീറ്റിംഗുകളിൽ പാസ്റ്റർ മൈക്കിൾ മാത്യൂസ് പ്രസംഗിക്കും. എച്ച് പി എഫ് ക്വയർ ഗാനശുശ്രൂഷകൾക്കു നേതൃത്വം നൽകും. ഇംഗ്ലീഷിൽ നടക്കുന്ന യുവജന മീറ്റിംഗുകൾക്ക് യൂത്ത് പ്രസിഡണ്ട് ഡോ.ഡാനി ജോസഫും വനിതാ സമ്മേളനതിന് സോദരി സമാജം പ്രസിഡണ്ട് ഡോ.ജോളി ജോസഫും നേതൃത്വം കൊടുക്കും.സഹോദരിമാരുടെ പ്രത്യേക സമ്മേളനം ശനിയാഴ്ച 10.30ന് നടക്കും. ഞായറാഴ്ച ഒമ്പതിന് പൊതു ആരാധന ആരംഭിക്കും. ഹൂസ്റ്റണിലും സമീപത്തുമായി ഉപദേശ ഐക്യമുള്ള പതിസഭകളുടെ ഐക്യകൂട്ടായ്മയ്ക്കു നേതൃത്വം കൊടുക്കുന്നത് പ്രസിഡണ്ട് പാസ്റ്റർ സിബിൻ അലക്സ്, വൈസ് പ്രസിഡണ്ട് പാസ്റ്റർ ജോൺ ഐസക്ക്, സെക്രട്ടറി പാസ്റ്റർ മാത്യു പൂമൂട്ടിൽ, ട്രഷറാർ കെ.സി.ജേക്കബ്, വർഷിപ്പ് കോർഡിനേറ്റർ പാസ്റ്റർ ബൈജു തോമസ്, മീഡിയ കോർഡിനേറ്റർ സ്റ്റീഫൻ സാമുവേൽ എന്നിവരാണ്.

# കോഴിക്കോട് റ്റി.പി.എം സെന്റർ കൺവൻഷൻ ഇന്നുമുതൽ

കോഴിക്കോട്: മലബാറിലെ ദി പെന്തെക്കൊസ്ത് മിഷൻ സഭകളുടെ ആത്മീയസംഗമമായ കോഴിക്കോട് വാർഷിക സെന്റർ കൺവൻഷൻ ഇന്നു മുതൽ 18 വരെ കോഴിക്കോട് ബീച്ച് ഫ്രീഡം സ്ക്വയറിൽ നടക്കും. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 5.45 ന് സുവിശേഷ പ്രസംഗവും വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 7 ന് വേദപാഠം, 9.30 ന് പൊതുയോഗം, വൈകിട്ട് 3 നും രാത്രി 10 നും കാത്തിരിപ്പ് യോഗവും ശനിയാഴ്ച വൈകിട്ട് 3 ന് യുവജന സമ്മേളനവും നടക്കും. ഞായറാഴ്ച രാവിലെ ഒമ്പതിന് കോഴിക്കോട് സെന്ററിലെ കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെയും തമിഴ്നാട്ടിലെ ദൊവാല, കെയുന്നി കർണാടകയിലെ സിദ്ധാപൂർ തുടങ്ങിയ മുപ്പതോളം പ്രാദേശിക സഭകളുടെ ശുശ്രൂഷകരും വിശ്വാസികളും പങ്കെടുക്കുന്ന സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും. സീനിയർ ശുശ്രൂഷകർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും. സഭയുടെ സുവിശേഷ പ്രവർത്തകർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

# യു.പി.യിൽ വെടിക്കെട്ടിനിടെ അപകടം; നാല് കുട്ടികൾ മരിച്ചു



ചിത്രക്കൂട്ട് : ഉത്തർപ്രദേശിലെ ചിത്രക്കൂട്ടത്തിലെ ബുന്ദേൽഖണ്ഡ് ഗൗരവ് മഹോത്സവത്തിനിടെയുള്ള വെടിക്കെട്ടിനിടെ വൻ അപകടം. സ്ഫോടനത്തിൽ നാല് കുട്ടികൾ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നാണ് റിപ്പോർട്ട്. വ്യാഴാഴ്ച പുലർച്ചെയാണ് സംഭവം. ഉത്സവത്തോടനുബന്ധിച്ച് നടന്ന കരിമരുന്ന് പ്രയോഗത്തിനിടെയാണ് സ്ഫോടനമുണ്ടായതെന്ന് പോലീസ് പറഞ്ഞു.
ചിത്രക്കൂട്ട് ഡിഐജി, ചിത്രക്കൂട്ട് ജില്ലാ ഓഫീസർ, എസ്പി, അഡീഷണൽ എസ്പി, മറ്റ് ഉദ്യോഗസ്ഥരും സംഭവ സ്ഥലത്തുണ്ട്. ഫോറൻസിക് സംഘവും ബോംബ് ഡിസ്പോസൽ സ്ക്വാഡിന്റെ (ബിഡിഎസ്) സംഘവും പരിശോധന നടത്തുകയാണ്. മരിച്ച നാല് കുട്ടികളുടെ മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനയച്ചു. അപകടവുമായി ബന്ധപ്പെട്ട് മൂന്ന് പേർക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പ്രയാഗ്രാജ് സോൺ അഡീഷണൽ ഡയറക്ടർ ജനറൽ ഭാനു ഭാസ്കർ അറിയിച്ചു. എഫ്ഐആറിൽ കൂടുതൽ ആളുകളുടെ പേരുകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## 1-ാം പേജിൽ നിന്നും തുടർച്ച

'ഈ സംഘടനകൾ സ്കൂളിൽ പ്രവേശിച്ച് പൂജ നടത്തുമോയെന്ന് ഞങ്ങൾ ഭയപ്പെടുന്നു. സർക്കാർ ഞങ്ങളെ സംരക്ഷിച്ചില്ലെങ്കിൽ ഞങ്ങൾക്ക് ഇതുപോലെ ഇവിടെ തുടരാനാവില്ല. ഈ സംഘടകൾക്ക് മുമ്പ് ഇവിടെ ആരും ഒരു പ്രശ്നവും ഇതുവരെയും ഉണ്ടാക്കിയിട്ടില്ല' അദ്ദേഹം ചൂണ്ടിക്കാട്ടി.
കത്തോലിക്കാ സഭ ജാതിമതവിവേചനമില്ലാതെ വിദ്യാഭ്യാസത്തിലൂടെ ജനങ്ങളെ നിസ്വാർത്ഥമായി സേവിക്കകയാണ് ചെയ്യുന്നതെന്ന് അഗർത്തല ബിഷപ്പ് ലുമെൻ മോണ്ടേറോ മാധ്യമങ്ങളോട് പറഞ്ഞു.
'ഞങ്ങൾ രാഷ്ട്ര നിർമ്മാണത്തിനായാണ് ഇവിടെ പ്രവർത്തിക്കുന്നത്. സ്കൂളുകൾക്ക് യോജിച്ചതല്ലാത്തതിനാൽ മതപരമായ ഒരു ചടങ്ങും ഇവിടെ നടത്താറില്ല. ഈ സംഘടനകൾക്കൊന്നും വഴങ്ങാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല.
ഈ നാട്ടിലെ മികച്ച പണ്ഡിതന്മാരും പൊതുപ്രവർത്തകരും സംരംഭകരും ഡോക്ടർമാരും അധ്യാപകരും നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളായിരുന്നു. ഞങ്ങളുടെ ക്ലാസ് മുറികളിൽ ദൈവം നൽകിയ കഴിവുകളെ അവർ തിരിച്ചറിഞ്ഞു. പാവപ്പെട്ടവരായ അനേകർ ഇന്ന് അന്തസുള്ള ജീവിതം നയിക്കുന്നു.' ബിഷപ് കൂട്ടിച്ചേർത്തു

# ഇന്ത്യ പെന്തക്കോസ്തു ദൈവസഭ വൈക്കം സെന്റർ 67-ാം കൺവെൻഷൻ

കുറുപ്പന്തറ : ഇന്ത്യ പെന്തക്കോസ്തു ദൈവസഭ വൈക്കം സെന്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 15 മുതൽ 18 വരെ കുറുപ്പന്തറ കമ്മ്യൂണിറ്റി ഹാളിൽ 67 മത് കൺവൻഷൻ നടക്കും.
പാ. രാജു ആനിക്കാട് ഉദ്ഘാടനം ചെയ്യും.
പാ. ഫിലിപ്പ് പി. തോമസ്, ബ്രദ. ജെയിംസ് ജോർജ് വേങ്ങൂർ, പാ. കെ. കെ. മാത്യു, പാ : അനീഷ് കൊല്ലം, പാ. വി .പി. ജോസ് വെച്ചൂച്ചിറ, പാ. അജി ആന്റണി, പാ. ജോസ് വേങ്ങൂർ, ബ്ര. ഫിന്നി. പി. മാത്യു എന്നിവർ വചനം ശുശ്രുഷിക്കും. മ്യൂസിക് കൺവീനർ പാ. ബിജു ആന്റണിയുടെ നേതൃത്വത്തിൽ ഗാന ശുശ്രുഷ നടക്കും.

# എടത്വായിൽ ഉപവാസ പ്രാർത്ഥന

എടത്വ : അസംബ്ലിസ് ഓഫ് ഗോഡ് തിരുവല്ല സെക്ഷനിലുള്ള എടത്വ സഭയുടെ ആഭിമുഖ്യത്തിൽ ഫെബ്രു. 24 ശനി രാവിലെ 10 മുതൽ 1 മണിവരെ ഉപവാസ പ്രാർത്ഥന നടക്കും. പാസ്റ്റർ തമ്പി ഏബ്രഹാം അധ്യക്ഷത വഹിക്കും. പ്രാർത്ഥനയാണ് സകല വിജയത്തിന്റെയും അടിസ്ഥാനമെന്ന വിഷയത്തെ ആസ്പദമാക്കി പാസ്റ്റർ റെജി ശൂരനാട് പ്രസംഗിക്കും. സെക്ഷൻ കമ്മറ്റി അംഗങ്ങളായ പാ. കെ എസ്. സാമുവൽ,
പാ. നെൽസൺ സാമുവൽ,
പാ. ജോൺ അബ്രഹാം,
ബ്രദ. ബിജി ജോസഫ്,
ബ്രദ. ഐപ്പ് വിഴലിൽ,
ബ്രദ. ലാലു സാമുവൽ
എന്നിവർ പങ്കെടുക്കും.
എ. ജി. സെക്ഷൻ ഗായക സംഘം ഗാനശുശ്രുഷ നിർവ്വഹിക്കും.

## 2-ാം പേജിൽ നിന്നും തുടർച്ച

ങ്ങളെയും തലമുടിവരെ സംരക്ഷിച്ചു. അവർ കെട്ടഴിഞ്ഞു തീയിൽ നടത്തുന്നതായിട്ടാണു രാജാവു കാണുന്നത് കെട്ടു ദഹിക്കപ്പെട്ടതായിട്ടല്ല. അർത്ഥാൽ, നാലാമൻ അവരുടെ കെട്ടുകളെ കഴിക്കുന്നതു രാജാവു കണ്ടു. അഴിയപ്പെട്ടു തീയിൽ വീണുപോയ ആ കയർ പോലും വിടുതലിന്റെ സാക്ഷ്യമായിരുന്നു. നിത്യദൈവത്തിനു മുമ്പിൽ ദൂരാസമരഭൂമിയിലെ ബേൽ ഏതുമില്ലാത്തതായിത്തീർന്നു.

അക്ഷരാർത്ഥത്തിൽ അതു ഒരു പ്രവചനനിർത്തിയായിരുന്നു. ഈ കാലഘട്ടത്തിലും ഏകദേശം ഒരു നൂറ്റാണ്ടിലധികം മുമ്പു ജീവിച്ചിരുന്ന (740675 ബി.സി) യെശയ്യാവു എന്ന ദീർഘദർശ്ശി ഇപ്രകാരം പ്രവചിച്ചു: ബേൽ വണങ്ങുന്നു (46:1). അതിന്റെ ആദ്യഘട്ടമായി ദൂരാ സമഭൂമിയിലെ തീച്ചൂളയിൽ വെളിപ്പെട്ട ദൈവപുത്രന്റെ പ്രത്യക്ഷതയെ നമുക്കു കാണാം. 556539 ബി.സി., കാലഘട്ടത്തിൽ വാഴ്ച നടത്തിയ ബാബേൽ രാജാവു നെബോണിഡസ്, മർദൂക് ആരാധന നിരോധിച്ചു ചന്ദ്രദേവനായ സിന്നിനെ ആരാധിക്കുവാൻ തുടങ്ങിയതോടെ ബേൽ ആരാധന അസ്തമിച്ചു. ബേൽ ആരാധന ഇല്ലാതെയായതാണു ബാബേൽ സാമ്രാജ്യം തകരുവാൻ കാരണമായതെന്നാണു പാർസി രാജാവായ കോരേശിന്റെ വിളംബരസ്തംഭത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

മതേതരത്വം പ്രസംഗിക്കപ്പെടുന്നയിടത്തു മതധ്വംസനം നടക്കുന്നു. ചില മതങ്ങൾ രാജകീയ/ദേശീയ മതങ്ങളായി മാറുന്നു. അതിനെതിരെ സംസാരിക്കുന്നവർ ദേശദ്രോഹികളായി മാറുന്നു. അപ്പോൾതന്നെ അവർ മതാധിഷ്ഠിതരാജ്യത്തു വിഗ്രഹസ്ഥാപനം നടത്തുകയും ചെയ്യുന്നു. ചരിത്രം ഈ നൂറ്റാണ്ടിലും ആവർത്തിക്കപ്പെടുകയാണ്. ഇതൊന്നും കണ്ടു ഭയപ്പെടാതെ ദൈവം തിരയുന്ന ശദ്രക്കും മേശക്കും അബേദ്നെഗോവും എഴുന്നേല്ക്കേണ്ടതുണ്ട്.

# അമേരിക്കയിൽ വെടിവെപ്പ്; ഒരാൾ കൊല്ലപ്പെട്ടു




കൻസാസ് സിറ്റി: അമേരിക്കയിൽ കൻസാസ് സിറ്റിയിൽ സൂപ്പർബൗൾ വികൃറി റാലിക്കിടെയുണ്ടായ വെടിവെപ്പിൽ ഒരാൾ കൊല്ലപ്പെട്ടു. ആക്രമണത്തിൽ 21 പേർക്ക് പരുക്കേറ്റു. പരിക്കേറ്റവരിൽ ഏറെയും കുട്ടികസാണ്. സോറിയിലെ സൂപ്പർ ബൗൾ ചാമ്പ്യൻഷിപ്പിൽ വിജയിതരായ കൻസാസ് സിറ്റി ചീഫ്സിന്റെ വിജയാഹ്ളാദ റാലിക്കിടെയാണ് വെടിവെപ്പുണ്ടായത്. ആക്രമണത്തിൽ പരിക്കേറ്റവരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. 11 പേരും കുട്ടികളാണെന്ന് പൊലീസ് പറഞ്ഞു. ഒൻപത് പേർക്ക് വെടിയേറ്റിട്ടുണ്ടെന്നും പൊലീസ് വ്യക്തമാക്കി. 17 വയസിൽ താഴളെയുള്ളവരാണ് പരിക്കേറ്റ കുട്ടികളെല്ലാവരും. സംഭവത്തിൽ മൂന്ന് പേരെ പൊലീസ് കസറ്റഡിയിലെടുത്തിട്ടുണ്ട്. ഇവരെ ചോദ്യം ചെയ്തുവരികയാണ്.



നൂറ് കറുത്ത ഉറുമ്പുകളേയും നൂറ് ചുവന്ന ഉറുമ്പുകളേയും ഒരുമിച്ചു ഒരു ഭരണിയിൽ നിറച്ചാൽ ഒന്നും തന്നെ സംഭവിക്കില്ല... അവ എങ്ങനെ രക്ഷപ്പെടും എന്ന് വഴി തിരയുകയേ ഉള്ളൂ. എന്നാൽ നിങ്ങൾ ആ ഭരണി ശക്തമായി ഒന്ന് കുലുക്കിയാൽ, ഉറുമ്പുകൾ പരസ്പരം കൊല്ലാൻ തുടങ്ങും. ചുവന്ന ഉറുമ്പുകൾ കറുത്ത ഉറുമ്പുകളെ ശത്രുക്കളായി കണക്കാക്കുന്നു. കറുത്ത ഉറുമ്പുകൾ ചുവന്ന ഉറുമ്പുകളെയും ശത്രുക്കളായി കണക്കാക്കുന്നു.
എന്നാൽ ആ ഭരണി കുലുക്കുന്നവനാണ് യഥാർത്ഥ ശത്രു എന്നത് അവർക്ക് മനസ്സിലാകുന്നില്ലല്ലോ? മനുഷ്യ സമൂഹത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്... അതുകൊണ്ട് മനസിലാക്കുക... ഏതൊരു പ്രതിസന്ധിയിലും ഒരുമിച്ചു നിന്ന് തരണം ചെയ്യുക എന്നതാണ് ജീവന്റെ സഹജാവബോധം, പരസ്പരം ആക്രമിക്കുന്നതിനുമുമ്പ്, ആരാണ് ഭരണി കുലുക്കുന്നത് എന്ന് ചിന്തിക്കണം തിരിച്ചറിയണം....
**അജി മാത്യു**

# ചെങ്കടലിൽ ഭൂചലനം: റിക്ടർ സ്കെയിലിൽ 4.40 തീവ്രത

തബൂക്ക്: ചെങ്കടലിന് നടുവിൽ ഭൂചലനം ഉണ്ടായതായി സൗദി ജിയോളജിക്കൽ സർവേ. കടലിൽ 32 കിലോമീറ്റർ താഴ്ചയിൽ റിക്ടർ സ്കെയിലിൽ 4.40 തീവ്രത രേഖപ്പെടുത്തിയ ഭൂചലനമാണ് ഇന്നലെ രാവിലെ 6.52 ന് അനുഭവപ്പെട്ടത്. എന്നാൽ സൗദിയുടെ കരഭാഗങ്ങളിൽ ഇത് പ്രകമ്പനമുണ്ടാക്കിയിട്ടില്ല. അറേബ്യൻ മേഖലയുടെ പടിഞ്ഞാറെ അതിർത്തി ആഫ്രിക്കൻ മേഖലയിൽ നിന്ന് സ്ഥാനചലനം സംഭവിച്ചതാണ് ഭൂകമ്പത്തിന്റെ കാരണമെന്ന് സൗദി ജിയോളജിക്കൽ സർവേ വക്താവ് താരിഖ് അബാഅൽഖൈൽ വ്യക്തമാക്കി.

# ബഹ്റൈനിൽ വീസ നിയമങ്ങളിൽ മാറ്റം




മനാമ: ബഹ്റൈനിൽ സന്ദർശന വീസ ജോലിയിലേക്കോ ആശ്രിത വീസയിലേക്കോ മാറ്റുന്നത് നിർത്തലാക്കി. സ്പോൺസർ ഇല്ലാതെ ജോലി ചെയ്യാനുള്ള വീസകൾ ആശ്രിത വീസകളിലേക്ക് മാറ്റുന്നതിനുള്ള ഫീസ് നിരക്ക് ഉയർത്തും.അറുപത് ദിനാറിൽ നിന്ന് 250 ദിനാറായാണ് ഉയർത്തുക.
വിസിറ്റ് വീസയിൽ രാജ്യത്തെത്തുന്നവരുടെ വീസ ജോലിയിലേക്കും ആശ്രിത വിസയിലേക്കും മാറ്റുന്ന നിയമങ്ങൾ കർശനമാക്കാനുള്ള നീക്കത്തെ തുടർന്നാണ് തീരുമാനം. കൂടാതെ വിസിറ്റ് വീസയിലെത്തുന്നവരെ ചൂഷണം ചെയ്യുന്നത് തടയാൻ ലേബർ മാർക്കറ്റ് റഗുലേറ്ററി അതോറിറ്റിയുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കും. നാഷണൽ ലേബർ മാർക്കറ്റ് പ്ലാൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമെന്നും എൻപിആർഎ ആഭ്യന്തര മന്ത്രാലയം അണ്ടർസെക്രട്ടറി അറിയിച്ചു.
എന്നാൽ സന്ദർശക വീസയിൽ നിന്ന് റസിഡൻസ് പെർമിറ്റിലേക്ക് മാറുന്നതിന് നിയന്ത്രണം വരുത്തിയതിനെ തുടർന്ന് രാജ്യത്തെത്തിയ ഉദ്യോ?ഗാർത്ഥികൾ ആശങ്കയിലാണ്. ജീവിത ചെലവ് കുറഞ്ഞ രാജ്യമെന്ന നിലയിൽ നിരവധി പേരാണ് ജോലിയന്വേഷിച്ച് ബഹ്റൈനിലുള്ളത്. സൗദി അടക്കമുള്ള മറ്റു രാജ്യങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാനുമുള്ള സൗകര്യങ്ങൾ കൂടി ഉള്ളതിനാലാണ് പലരും ബഹ്റൈനെ ഇക്കാര്യത്തിൽ ആശ്രയിക്കുന്നത്. അതിനാൽ സർക്കാരിന്റെ ഈ നടപടി നിരവധി പേരെയാണ് ആശങ്കയിലാഴ്ത്തിയിരിക്കുന്നത്.

# ഫിലിപ്പീൻസിൽ പള്ളി തകർന്ന് ക്വയർ മെമ്പർ  മരിച്ചു



ഫിലിപ്പീൻസ് : ബുലാകാൻ പ്രവിശ്യയിലെ മലോലോസ് രൂപതയിലെ സെന്റ് പീറ്റർ അപ്പോസ്തല ഇടവക ദേവാലയത്തിൽ ആഷ് ബുധൻ കുർബാനയ്ക്കിടെ കത്തോലിക്കാ പള്ളിയുടെ രണ്ടാം നില തകർന്ന്  ചർച്ച് ക്വയർ അംഗമായ ലുനെറ്റ മൊറേൽസ് (80) മരിച്ചു.

ദുരന്തം സംഭവിക്കുമ്പോൾ നാനൂറോളം പേർ പള്ളിയിൽ ഉണ്ടായിരുന്നു. പ്രാദേശിക റിപ്പോർട്ടുകൾ അനുസരിച്ച് മെസാനൈൻ തറയുടെ ഭാഗം തകർന്ന് ഡസൻ കണക്കിന് വിശ്വാസികൾക്ക് പരിക്കേറ്റു. ചിലർ ആശുപത്രിയിൽ ചികിത്സയിലാണ്. തലസ്ഥാനമായ മനിലയുടെ വടക്കുകിഴക്കായാണ് പള്ളി സ്ഥിതിചെയ്യുന്നത്. തകർന്നുപോയ തറയിൽ ചിതൽബാധയുണ്ടെന്ന റിപ്പോർട്ടിനെ തുടർന്ന് കെട്ടിടം സുരക്ഷാ പരിശോധനകൾക്കും അറ്റകുറ്റപ്പണികൾക്കും വിധേയമാക്കാൻ മേയർ ഉത്തരവിട്ടു. ഇതിന്റെ ഭാഗമായി എല്ലാ സേവനങ്ങളും റദ്ദാക്കുന്നതായി സഭ അറിയിച്ചു.

# ബിജെപി ദേശീയ നിർവാഹകസമിതി അംഗവുമായി മാനന്തവാടി രൂപതാ മെത്രാൻ കൂടിക്കാഴ്ച നടത്തി



മാനന്തവാടി : ബിജെപി ദേശീയ നിർവാഹകസമിതി അംഗം പി.കെ കൃഷ്ണദാസ് മാനന്തവാടി രൂപതാ മെത്രാൻ ബിഷപ്പ് ജോസ് പൊരുന്നേടവുമായി കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയിൽ കേന്ദ്രസർക്കാരിന്റെ ശ്രദ്ധപതിയേണ്ടുന്ന വിഷയങ്ങൾ ബിഷപ്പ് ജോസ് പൊരുന്നേടം അവതരിപ്പിച്ചു. വന്യജീവികളുടെ ആക്രമണംമൂലം പൊറുതിമുട്ടുന്ന മലയോരനിവാസികളായ കർഷകജനതയുടെ ആവശ്യങ്ങൾ മുൻനിർത്തി വനനിയമത്തിൽ അടിയന്തിര ഭേദഗതിക്കായി കേന്ദ്രസർക്കാർ മുൻകൈയ്യെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പതിനൊന്നോളം നിർദേശങ്ങൾ അടങ്ങുന്ന നിവേദനം പി.കെ കൃഷ്ണദാസിന് കൈമാറി.

വയനാടിന്റെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി ബദൽ റോഡുകളുടെ സാധ്യതകൾ പരിശോധിക്കുമ്പോൾ തടസ്സമാകുന്ന വനം പരിസ്ഥിതിമന്ത്രാലയത്തിന്റെ നയങ്ങളിൽ മാറ്റം വരുത്താനും വയനാട്ടുകാരുടെ ദീർഘകാല അഭിലാഷമായ റെയിൽവേസ്വപ്നം സാക്ഷാത്ക്കരിക്കാനുമുള്ള നടപടികൾക്ക് മുൻകൈയ്യെടുക്കണമെന്നും ദേശത്തിന്റെയും പൗരന്മാരുടെയും നന്മയെ മുൻനിർത്തി താൻ ഉന്നയിച്ച വിഷയങ്ങളിൽ രാഷ്ട്രീയ ഇടപടലുകൾ ഉണ്ടാകണമെന്നും ബിഷപ്പ് ജോസ് പൊരുന്നേടം ആവശ്യപ്പെട്ടു.

ബിഷപ്പ് ജോസ് പൊരുന്നേടത്തോടും പി.കെ കൃഷ്ണദാസിനോടുമൊപ്പമുള്ള ചർച്ചയിൽ കെ.പി മധു, റ്റി.പി ജയചന്ദ്രൻ മാസ്റ്റർ, ശ്രീനിവാസൻ കെ., എം.കെ ജോർജ് മാസ്റ്റർ, അഡ്വ. അമൃത് രാജ് ജോർജ് എന്നിവരും മാനന്തവാടി രൂപതാ സഹായമെത്രാൻ ബിഷപ്പ് അലക്സ് താരാമംഗലം, രൂപതാ ഫിനാൻസ് ഓഫീസർ ഫാ. ജോസ് കൊച്ചറയ്ക്കൽ, രൂപത രാഷ്ട്രീയകാര്യ സമിതി അംഗങ്ങളായ ശ്രീ. സാലു അബ്രാഹം മേച്ചേരിൽ, ഫാ. നോബിൾ തോമസ് പാറയ്ക്കൽ എന്നിവരും പങ്കെടുത്തു.

# ക്യാൻസർ വാക്സിൻ നിർമ്മാണം തുടങ്ങി : വ്ളാഡിമിർ പുടിൻ



റഷ്യ : ക്യാൻസറിനുള്ള വാക്സിനുകൾ നിർമ്മിക്കാൻ റഷ്യൻ ശാസ്ത്രജ്ഞർ തുടങ്ങി കഴിഞ്ഞെന്നു  പ്രസിഡന്റ് വ്ളാഡിമിർ പുടിൻ . 2030ഓടെ 10,000 രോഗികളിൽ  വാക്സിൻ എത്തിച്ചേരാൻ ലക്ഷ്യമിട്ട് ‘വ്യക്തിഗത കാൻസർ ചികിത്സകൾ‘ ലഭ്യമാക്കുന്ന ക്ലിനിക്കൽ ട്രയലുകൾ ആരംഭിക്കുന്നതിന് ജർമ്മനി ആസ്ഥാനമായുള്ള ബയോഎൻടെക്കുമായി യുകെ സർക്കാർ കഴിഞ്ഞ വർഷം ഒരു കരാറിൽ ഒപ്പുവച്ചെന്നും അത് രോഗികൾക്ക് ഉടൻ ലഭ്യമാകുമെന്നും പറഞ്ഞു.  പുതിയ തലമുറയുടെ കാൻസർ വാക്സിനുകളും ഇമ്മ്യൂണോമോഡുലേറ്ററി മരുന്നുകളും എന്ന് വിളിക്കപ്പെടുന്നവയുടെ സൃഷ്ടിയോട് വളരെ അടുത്തെത്തിയിരിക്കുന്നു ,വൈകാതെ തന്നെ അവ വ്യക്തിഗത തെറാപ്പിയുടെ രീതികളായി ഫലപ്രദമായി ഉപയോഗിക്കാനാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു,‘എന്ന് പുടിൻ ഒരു ടെലിവിഷന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു. ഏത് തരത്തിലുള്ള ക്യാൻസറിനെയാണ് നിർദ്ദിഷ്ട വാക്സിനുകൾ ലക്ഷ്യമിടുന്നതെന്നോ എങ്ങനെയെന്നോ പുടിൻ വ്യക്തമാക്കിയിട്ടില്ല.

# ഭൂമിയിലെ ഏറ്റവും ശക്തിയുള്ള ആയുധം

**പി. റ്റി. കോശിയച്ചൻ**

ഗുരുകുലത്തിലെ വിദ്യാർത്ഥികൾ വിശ്രമവേളകളിൽ വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയായിരുന്നു. ഭൂമിയിലെ ഏറ്റവും ശക്തിയുള്ളത് എന്തിനാണ് എന്നതായിരുന്നു പ്രധാന വിഷയം. പല അഭിപ്രായങ്ങൾ വന്നുകൊണ്ടിരുന്നു. എങ്കില അന്തിമ തീരുമാനത്തിലെത്താൻ അവർക്ക് കഴിഞ്ഞില്ല.
ഒടുവിൽ അവർ ഗുരുവിന്റെ അടുത്തെത്തി .വളരെ ദേഷ്യത്തോടെ ഇങ്ങനെയുള്ള മണ്ടൻ കാര്യങ്ങളാണോ നിങ്ങൾ ചിന്തിച്ചു കൊണ്ടിരിക്കുന്നത്, ഇത്തരം നിസ്സാര കാര്യങ്ങൾക്ക് വേണ്ടി എന്തിനാണ് നിങ്ങളെന്റെ അടുക്കൽ വന്നത് എന്നെല്ലാം പറഞ്ഞു ദേഷ്യത്തോടെ അകത്തേക്ക് പോയി. ശിഷ്യന്മാർക്ക് സങ്കടവും ഗുരുവിനോട് അല്പം ദേഷ്യവും തോന്നി.
അല്പസമയത്തിനു ശേഷം ഗുരു ശിഷ്യരുടെ അടുത്തെത്തി, സ്നേഹപുരസരം അവരെ പ്രശംസിച്ചു. വിശ്രമവേളകളിലും നിങ്ങൾ നല്ല വിഷയങ്ങളെക്കുറിച്ച് ചിന്തിക്കുന്നത് വിവേകത്തിന്റെ ലക്ഷണമാണ് എന്നെല്ലാം പറഞ്ഞു, അവരെ പുകഴ്ത്തി.
ഒടുവിൽ ഗുരു ശിഷ്യന്മാരോട് ചോദിച്ചു: ഞാൻ ദേഷ്യപ്പെട്ടപ്പോൾ നിങ്ങൾക്ക് എന്തു തോന്നി? നിങ്ങൾക്ക് എന്നോടും ദേഷ്യവും വെറുപ്പും തോന്നി;ഇല്ലേ? എന്നാൽ ഞാനിപ്പോൾ നിങ്ങളെ പ്രശംസിച്ചപ്പോഴോ? നിങ്ങൾക്ക് എന്നോട് സ്നേഹവും ബഹുമാനവും തോന്നുന്നു, ഇല്ലേ? ഇത്രയും വലിയ മാറ്റം നിങ്ങളിൽ ഉണ്ടാക്കിയത് എന്താണ്? എന്റെ ചില വാക്കുകൾ! നമ്മുടെ എല്ലാ വാക്കുകളും ഇപ്രകാരമുള്ള മാറ്റങ്ങൾ മറ്റുള്ളവരിൽ വരുത്തുവാൻ ശക്തിയുള്ളതാണ്. അതിനാൽ ലോകത്തിലെ ശക്തിയുള്ള കാര്യം വാക്കുകളാണ്. ഗുരു തങ്ങളുടെ ചോദ്യത്തിന് ഉത്തരം നൽകുകയായിരുന്നു എന്ന് ആ ശിഷ്യർക്ക് അപ്പോൾ മനസ്സിലായി.

വാക്കുകളുടെ ശക്തി അളവറ്റതാണ്. മറ്റൊരുവനിൽ വിവിധ വികാരങ്ങളും ചിന്തകളും ഉണർത്തുവാൻ വാക്കുകൾക്ക് സാധിക്കും. ഒരു സമൂഹത്തെ ആകെ മാറ്റിമറിക്കുവാൻ വാക്കുകൾ ശക്തമാണ്. കോടതികളിൽ വക്കീലന്മാർ പ്രതികളെ കുറ്റക്കാർ എന്നോ കുറ്റരഹിതർ എന്നോ തെളിയിക്കുന്നതും വാക്കുകൾ ഉപയോഗിച്ചാണ്. പ്രഭാഷകർ തങ്ങളുടെ മനസ്സിലെ ആശയം മറ്റുള്ളവരിലേക്ക് പകരുന്നത് വാക്കുകൾ ഉപയോഗിച്ചാണ്. ഉച്ചരിക്കപ്പെട്ടതല്ലാതെ എഴുതപ്പെട്ട വാക്കുകളും ശക്തമാണ്. തൂലിക പടവാളായി ഉപയോഗിച്ച് വിപ്ലവങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ള അനേക സംഭവങ്ങൾ ചരിത്രത്തിൽ ഉണ്ട്. നിസ്സാരമായി നാം ഉപയോഗിക്കുന്ന ഓരോ വാക്കും മറ്റുള്ളവരിൽ ക്രിയ ചെയ്യുമെന്നതിന് യാതൊരു സംശയവുമില്ല. അശ്രദ്ധമായി ഉപയോഗിക്കുന്ന വാക്കുകൾ ചിലപ്പോൾ വലിയ വിനാശം ഉളവാക്കിയെന്നു വരാം. ഇവിടെ വാക്കുകൾ സൂക്ഷിച്ചു ഉപയോഗിക്കേണ്ട വലിയ ആവശ്യം വെളിപ്പെടുന്നു. വാക്കുകൾ ഉളവാക്കുന്ന നാവും തൂലികയും നമ്മുടെ നിയന്ത്രണത്തിലാണ്, അവയെ നിയന്ത്രിച്ചു മറ്റുള്ളവരുടെ നന്മയ്ക്കായി ഉതകും വിധം ഉപയോഗിക്കുവാൻ നമുക്ക് സാധിക്കേണ്ടതാണ്. അതിന് നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം.
'നാം എല്ലാവരും പലതിലും തെറ്റിപോകുന്നു; ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു'

# ഇസ്ലാമിക തീവ്രവാദികൾ കൊലപ്പെടുത്തിയ ലിബിയൻ ക്രൈസ്തവരുടെ രക്തസാക്ഷിത്വത്തിന് ഇന്ന് ഒൻപത് വർഷം

കെയ്റോ: ക്രിസ്തു വിശ്വാസത്തെ പ്രതി ഇസ്ലാമിക തീവ്രവാദികൾ കഴുത്തറുത്തു കൊലപ്പെടുത്തിയ കോപ്റ്റിക് ക്രൈസ്തവരുടെ ധീര രക്തസാക്ഷിത്വത്തിന് ഒൻപത് വർഷം. 2015 ഫെബ്രുവരി 12ന്, ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് ആൻഡ് ലെവന്റ് (കടകഘ) അവരുടെ ഓൺലൈൻ മാസികയായ 'ഡാബിക്'ൽ ലിബിയയിലെ തീരദേശ നഗരമായ സിർട്ടെ നഗരത്തിൽ നിന്നു തട്ടിക്കൊണ്ടുപോയ 21 ഈജിപ്ഷ്യൻ കോപ്റ്റിക് ക്രിസ്ത്യൻ നിർമ്മാണ തൊഴിലാളികളുടെ ഫോട്ടോകൾ പുറത്തുവിട്ടിരിന്നു. മൂന്നു ദിവസങ്ങൾക്ക് ശേഷം, ഫെബ്രുവരി 15നു സിർട്ടെയിലെ കടൽക്കരയിലുള്ള ഹോട്ടലിന് സമീപത്ത് വെച്ചായിരുന്നു ക്രൈസ്തവ കൂട്ടക്കൊല അരങ്ങേറിയത്. ഇവരെ വധിക്കുന്നതിനു മുൻപ് കൈകൾ പുറകിൽ കെട്ടിയ നിലയിൽ വസ്ത്രങ്ങളണിയിച്ച് നിർത്തിയിരിക്കുന്ന ദൃശ്യങ്ങൾ തീവ്രവാദികൾ പുറത്തുവിട്ടിരിന്നു. മൂന്നു വർഷങ്ങൾക്കു ശേഷം 2018 ഒക്ടോബർ മാസത്തിൽ മെഡിറ്ററേനിയൻ തീരത്ത് സിർട്ടെയുടെ സമീപപ്രദേശത്തു നിന്ന് തലയറ്റ രീതിയിൽ രക്തസാക്ഷികളുടെ ശരീരാവിശഷ്ടങ്ങൾ കണ്ടെത്തി. വർഷങ്ങൾക്ക് ശേഷവും ക്രൈസ്തവ വിശ്വാസത്തെ പ്രതി മരണം ഏറ്റുവാങ്ങിയ ഈ ചെറുപ്പക്കാർ ഇന്ന് ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് വലിയ പ്രചോദനമാണ്.

# മുട്ടുമൺ കരിസ്മ വിമൻസ് കോൺഫറൻസ് സമാപിച്ചു

തിരുവല്ല: മുട്ടുമൺ ഐസിപിഎഫ് ക്യാമ്പ് സെന്ററിൽ നടന്ന കരിസ്മ വിമൻസ് കോൺഫറൻസ് സമാപിച്ചു. യഹോവാ ഭക്തിയുള്ള സ്ത്രീ എന്ന തീം അവതരിപ്പിച്ച് സിസ്റ്റർ സാലി മോനായി മുഖ്യപ്രഭാഷണം നടത്തി. പാസ്റ്റർമാരായ റ്റി.ജെ. സാമുവൽ, ബാബു ചെറിയാൻ, ഡോ.എ. കെ. ജോർജ്, സിസി ബാബു ജോൺ, ജെസ്സി ജയ്സൺ, സാറ കോവൂർ, ജോയമ്മ വർഗീസ്, സിസിലി ജോസഫ്, ആൻസി പൗലൊസ്, ജോയ്സ് സാജൻ, ബിന്ദുപുഷകരൻ, കുഞ്ഞുമോൾ ബിജു, ലിസ്സി ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.

# 21 ദിന ഉപവാസ പ്രാർത്ഥനയും കൺവൻഷനും

ശാരോൻ ഫെലോഷിപ്പ് ചർച്ച് കടയ്ക്കാമൺ സഭയുടെ ആഭിമുഖ്യത്തിൽ 21 ദിന ഉപവാസ പ്രാർത്ഥന ഫെബ്രുവരി 12 മുതൽ മാർച്ച് 3 വരെയും കൺവൻഷൻ ഫെബ്രുവരി 29 മുതൽ മാർച്ച് 2 വരെയും നടക്കും. പാസ്റ്റർമാരായ ജെയ്സ് പാണ്ടനാട്, അജി ആൻറണി, റെജി ശാസ്താംകോട്ട, ജോൺസൻ കെ സാമുവേൽ എന്നിവർ കൺവൻഷൻ ദിവസങ്ങളിൽ പ്രസംഗിക്കും. ശാരോൻ ക്വയർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.




# കെയർ ഗിവിംഗ് എന്നാൽ പരിചരണം



കെയർ ഗിവർ എന്ന പദം മലയാളിക്ക് ഇപ്പോൾ അപരിചിതമല്ല. പലരുടെയും ഉപജീവന മാർഗം കൂടിയാണത് . അതിനായി പരിശീലനം നൽകുന്ന സ്ഥലങ്ങളുണ്ട്. എന്നാൽ പരിശീലനം നേടാത്തവരാണ് ഏറെയും. പലപല രോഗികളെ നോക്കിയും ആ വീട്ടിലുള്ളവർ പറയുന്നത് പോലെ രോഗിയെ ശുശ്രുഷിച്ചുമാണ് ഇവർ തഴക്കം നേടുന്നത്.

ഒരു നല്ല ഹോം നഴ്സിനെ ഒത്തു കിട്ടുക മിക്കപ്പോഴും പ്രയാസമാണ്. അവർക്കു കൊടുക്കേണ്ട ശമ്പളം ചിലപ്പോൾ വീട്ടുകാർക്ക് താങ്ങാനാവില്ല. ഇങ്ങനെയൊക്കെയാകുമ്പോൾ വീട്ടിലെ ഒരംഗം തന്നെ രോഗിയെ പരിചരിക്കുക എന്ന സാഹചര്യം ഉണ്ടാവാറുണ്ട്.

വീട്ടിൽ ഒരാൾക്ക് ആപത്ത് ഉണ്ടാവുന്നത് അപ്രതീക്ഷിതമായാകും. ആക്സിഡന്റ്, മാറാരോഗം പിടിപെട്ട് ചെറുപ്പമായ ഒരാൾ കിടപ്പിലാകുക. വയസ്സായ ഒരാൾക്ക് ഹൃദയാഘാതം സംഭവിച്ച് വീണു പോവുക. ഇത്തരം സന്ദർഭങ്ങളിലാണ് കുടുംബാംഗങ്ങളിൽ ഒരാൾ കെയർ ഗിവർ ആയി മാറുന്നത്.

രോഗിയെ പല്ലു തേയ്പ്പിക്കുക, കുളിപ്പിക്കുക, കിടക്കവിരിയും വസ്ത്രങ്ങളും മാറ്റുക, സമയം തോറും ഭക്ഷണം കൊടുക്കുക, മരുന്നുകൾ കൊടുക്കുക, രോഗിയുടെ വിസർജ്ജ്യങ്ങൾ അപ്പപ്പോൾ വൃത്തിയാക്കുക, ഇങ്ങനെ നോക്കിയാൽ രോഗിയെ പരിചരിക്കുന്നയാൾ എപ്പോഴും ജാഗരൂകരായിരിക്കണം.

ദിവസങ്ങൾ, മാസങ്ങൾ, വർഷങ്ങൾ തന്നെ കഴിയുമ്പോൾ ഈ രോഗി രക്ഷപ്പെട്ടേക്കും എന്ന പ്രതീക്ഷ അസ്ഥാനത്താകും. അതൊരു പ്രായം കുറഞ്ഞ രോഗിയാണെങ്കിൽ അയാളെ പരിചരിക്കുന്നയാൾ അമ്മയോ ഭാര്യയോ ആരു തന്നെയായാലും നിസ്സഹായതയിലാകും. ഇനി എത്രനാൾ എന്നറിയാതെ കുഴയും. വൃദ്ധരായ അച്ഛനോ അമ്മയോ ആണ് കിടപ്പു രോഗി എങ്കിൽ ഇനി ജീവിതത്തിലേക്കൊരു തിരിച്ചു വരവില്ലെന്നു ഉറപ്പായാൽ പ്രിയപ്പെട്ടൊരാളുടെ അന്ത്യം കാത്തിരിക്കുന്നത് അങ്ങേയറ്റം നിരാശാജനകമാണ്. എന്നാലും ഇതെല്ലാം അംഗീകരിച്ച് ഒരു സാധാരണ ജീവിതം നയിക്കുക എന്നത് പരിചരിക്കുന്നയാൾക്ക് ശ്രമസാധ്യമാണ്. ഇന്ന് നാഷണൽ കെയർ ഗവർ ഡേയാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്നവരെ നമുക്ക് ഓർക്കാം

സുവിശേഷകരായ മാതാപിതാക്കളോടൊപ്പം ചെന്നൈയിൽ താമസിക്കുന്ന സിറിയൻ പെന്തക്കോസ്ത് യുവതി (25-, 158 cm, ബി.ഇ. സിവിൽ എഞ്ചിനിയറിംഗ്, ഇപ്പോൾ സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്കിൽ ജോലി) ക്ക് വേണ്ടി അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു: **0091 988446 2707**

**HOUSE FOR RENT IN AMALLOOR**

Furnished 3 Bedroom house with a front patio with ample parking for rent in Thiruvalla.

**Contact-Baby Samuel**

**WhatsApp No. +91 92072 51248**






തയ്യാറാക്കിയത്:
**സിസ്റ്റർ ജോസി റിജോയി**

## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: യോശുവ : 10 - 12**

1. യഹോവ ഒരു മനുഷ്യന്റെ വാക്കു കേട്ടനുസരിച്ച ദിവസം?
2. വെട്ടിക്കൊന്ന ശേഷം യോശുവ മരത്തിൽ കെട്ടിതൂക്കിയ രാജാക്കൻമാരെത്ര.?
3. ഹെർമ്മോൻ പർവതത്തിന്റെ അടിവാരത്തുള്ള ഒരു താഴ്‌വര?
4. യോശുവ പിടിച്ചടക്കിയ യെഹൂദയിലെ ഒരു ഗ്രാമം?
5. അമോന്യരുടെ അതിർ ഏതാണ്?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. അഖാൻ (യോശുവ 7:1)
2. ആഖാന്റെ (യോശുവ 7.25)
3. ചെത്തുകെയോ ഇരുമ്പു തൊടുകെയോ ചെയ്യാത്ത കല്ല് (യോശുവ 8.31)
4. സമീപസ്ഥർ (യോശുവ 9:16)
5. ഗെരിസിം പർവ്വതം (യോശുവ 8:33)

CHRISTIAN LIVE DAILY
16 FEBRUARY 2024
VOL 03
ISSUE 046 | 745
ON THE BATTLEFIELD FOR THE GREAT COMMISSION
www.christianlive.in
cnl7news@gmail.com
+91 98465 52220

